# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702

2019 ഡിസംബർ 14

# വാർത്താക്കുറിപ്പ്

---

## മലിനീകരണം ചെറുക്കാനുള്ള നൂതന ശാസ്ത്രീയമാർഗങ്ങൾ വെളിപ്പെടുത്തി എം.ജി.യിൽ രാജ്യാന്തര കോൺഫറൻസിന് തുടക്കം

ജലത്തിൽ കലരുന്ന എണ്ണ വേർതിരിച്ചെടുക്കാനും ഇതിലൂടെ ജലമലിനീകരണം തടയാനും കഴിയുന്ന ആവരണസ്തരങ്ങൾ(മെമ്പ്രേൻസ്) കണ്ടെത്തിയതായി മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കുന്ന രാജ്യാന്തര സപ്പറേഷൻ സയൻസ്-ടെക്നോളജി കോൺഫറൻസ്.

തന്മാത്രാരൂപേണ പ്രവർത്തിക്കുന്ന പിവിഡിഎഫ് അൾട്രാഫിൽറ്റർ മെമ്പ്രേനുകൾ വഴി ഇവ സാധ്യമാകുമെന്ന് ഡൽഹി ഐ.ഐ.റ്റി.യിലെ കനു പ്രിയ നായക് പറഞ്ഞു. ജലത്തിൽനിന്ന് എണ്ണയെ വേർതിരിച്ചെടുക്കാനുള്ള തീവ്രശേഷി പിവിഡിഎഫ് മെമ്പ്രേനുകൾക്കുണ്ടെന്നും കനുപ്രിയ പറഞ്ഞു. ജലശുദ്ധീകരണത്തിനും വസ്തുക്കളെ വേർതിരിക്കുന്നതിനും അരിച്ചെടുക്കുന്നതിനും മറ്റും ഉപയോഗിക്കുന്ന ആവരണസ്തരങ്ങളെ ക്രമാനുഗതമായ രൂപകൽപനയിലൂടെ നിലവിലുള്ള തന്മാത്രരൂപത്തിൽനിന്ന് ഉപകരണതലത്തിലേക്ക് മാറ്റാനുള്ള ഗവേഷണങ്ങളാണ് നടക്കുന്നതെന്ന് മുഖ്യപ്രഭാഷണം നടത്തിയ ജപ്പാനിലെ ടോക്കിയോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ശാസ്ത്രജ്ഞൻ ടാക്യോ യമഗുചി പറഞ്ഞു. ചെമ്മീനിന്റെ പുറന്തോടിൽ നിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന നൂതന രീതികളെക്കുറിച്ച് ലളിത് വസിഷ്ഠ സംസാരിച്ചു.

സർവകലാശാല പരിസ്ഥിതി പഠനവകുപ്പ്, പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രം, അന്തർസർവകലാശാല ഇൻസ്ട്രുമെന്റേഷൻ കേന്ദ്രം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പരിസ്ഥിതി പഠന വകുപ്പിൽ നടക്കുന്ന കോൺഫറൻസ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി മലിനീകരണം തടയാനുള്ള നൂതന ശാസ്ത്രീയ മാർഗങ്ങൾ കണ്ടെത്താനുള്ള കടമ ശാസ്ത്രസമൂഹത്തിനുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രം ഡയറക്ടർ ഡോ. എ.പി. തോമസ് അധ്യക്ഷത വഹിച്ചു. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം പ്രൊഫ. കെ.എം. കൃഷ്ണൻ, പരിസ്ഥിതി പഠനവിഭാഗം മേധാവി പ്രൊഫ. ഇ.വി. രാമസ്വാമി എന്നിവർ പ്രസംഗിച്ചു. വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രശസ്ത ശാസ്ത്രജ്ഞരും ഗവേഷകരും പങ്കെടുക്കുന്ന കോൺഫറൻസ് ഡിസംബർ 16 ന് സമാപിക്കും.

## ചിത്രം കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല പരിസ്ഥിതി പഠനവകുപ്പും പരിസ്ഥിതി പഠന-സുസ്ഥിര വികസന കേന്ദ്രവും അന്തർസർവകലാശാല ഇൻസ്ട്രുമെന്റേഷൻ കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന ാജ്യാന്തര സപ്പറേഷൻ സയൻസ്-ടെക്നോളജി കോൺഫറൻസ് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.**

# ഗാന്ധിജിയുടെ നിസഹകരണ സമരത്തിന് ഇപ്പോഴും പ്രസക്തി: പ്രൊഫ. സൂസൻ വിശ്വനാഥൻ

ഗാന്ധിജിയുടെ നിസഹകരണം അടക്കമുള്ള സത്യഗ്രഹ സമരമാർഗങ്ങൾ ഇക്കാലത്തും പ്രസക്തമാണെന്ന് സാമൂഹിക ശാസ്ത്രജ്ഞയും ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയിലെ സോഷ്യൽ സിസ്റ്റം സ്റ്റഡി സെന്ററിലെ അധ്യാപികയുമായ പ്രൊഫ. സൂസൻ വിശ്വനാഥൻ. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന ഗാന്ധി സ്മൃതി പ്രഭാഷണ പരമ്പരയുടെ ഭാഗമായി 'ഗാന്ധിയും റൊമൈൻ റോളണ്ടും' എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അവർ.

ഗാന്ധിയൻ വ്യക്തിത്വത്തിന്റെയും ദർശനത്തിന്റെയും സമരത്തിന്റെയും ശക്തനായ വക്താവായിരുന്നു റൊമൈൻ റോളണ്ട്. ആത്മീയതയെ ശക്തമായ സമരായുധമാക്കി പരിവർത്തനം ചെയ്യാൻ കഴിയുമെന്ന് തെളിയിച്ചയാളെന്ന നിലയിലും ഗാന്ധിജിയെ അദ്ദേഹം വിലയിരുത്തി. ചുരുക്കംപേർ ചേർന്നുള്ള ഭരണരീതി പുതിയ രൂപത്തിൽ രാജ്യത്ത് പ്രത്യക്ഷപ്പെടുന്നുണ്ട്. സമൂഹത്തിൽ പലതരത്തിലുള്ള വിഭജനം സൃഷ്ടിക്കുന്നതിനെതിരേ, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പ്രക്ഷോഭങ്ങൾ ഉയരുന്നത് പ്രതീക്ഷ നൽകുന്നു. സർവകലാശാലകൾ അടച്ചുപൂട്ടണമെന്നാണ് ചിലർ വാദിക്കുന്നത്. സ്ത്രീ, ദളിത്, മുസ്ളിം ബുദ്ധിജീവികൾ വളരരുതെന്നുള്ള വാദങ്ങൾ ഉയരുന്നു. ജനാധിപത്യത്തിനെതിരേയുള്ള യുദ്ധം നടക്കുന്ന ഇക്കാലത്ത് ഗാന്ധിജിയുടെ സമരമാർഗങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ടെന്നും അവർ പറഞ്ഞു.

സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. എം.എച്ച്. ഇല്ല്യാസ് അധ്യക്ഷതവഹിച്ചു.

## ചിത്രം കാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന ഗാന്ധി സ്മൃതി പ്രഭാഷണ പരമ്പരയുടെ ഭാഗമായി 'ഗാന്ധിയും റൊമൈൻ റോളണ്ടും' എന്ന വിഷയത്തിൽ സാമൂഹിക ശാസ്ത്രജ്ഞയും ഡൽഹി ജവഹർലാൽ നെഹ്റു സർവകലാശാലയിലെ സോഷ്യൽ സിസ്റ്റം സ്റ്റഡി സെന്ററിലെ അധ്യാപികയുമായ പ്രൊഫ. സൂസൻ വിശ്വനാഥൻ പ്രഭാഷണം നടത്തുന്നു.**

## REPEATED NEWS

## ത്രിദിന രാജ്യാന്തര കോൺഫറൻസിന് എം.ജി.യിൽ തുടക്കം

ലിക്വിഡ് ക്രിസ്റ്റലൈൻ പോളിമേഴ്സ്, ലിക്വിഡ് ക്രിസ്റ്റൽസ്, നാനോ സിസ്റ്റം എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്ന രാജ്യാന്തര സമ്മേളനത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കമായി.

സ്കൂൾ ഓഫ് കെമിക്കൽ സയൻസസും ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയും സ്ലൊവേനിയയിലെ യൂണിവേഴ്സിറ്റി ഓഫ് മാരിബോറും തമിഴ്നാട്ടിലെ ബന്നാരി അമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ഭാരത് യൂണിവേഴ്സിറ്റിയും സംയുക്തമായാണ് ത്രിദിന രാജ്യാന്തര കോൺഫറൻസ് സംഘടിപ്പിക്കുന്നത്. സ്കൂൾ ഓഫ് പ്യവർ ആന്റ് അപ്ലൈഡ് ഫിസിക്സ് ഓഡിറ്റോറിയത്തിൽ മാരിബോർ സർവകലാശാലയിലെ അധ്യാപകനും ശാസ്ത്രജ്ഞനുമായ പ്രൊഫ. സമോ ക്രാൽജ് ഉദ്ഘാടനം നിർവഹിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു.

സ്ലൊവേനിയൻ ശാസ്ത്രജ്ഞനായ പ്രൊഫ. സ്ലൊബഡാൻ സുമർ, അമേരിക്കയിലെ കെന്റ് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ക്വിഹ്യു വി എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. പ്രൊഫ. മധു മോഹൻ, പ്രൊഫ. നന്ദകുമാർ കളരിക്കൽ, ഡോ. ഹന്ന ജെ. മരിയ എന്നിവർ പ്രസംഗിച്ചു. അഹിരോ മോഷി സുകി (യു.എസ്.എ.), ആർ.കെ. ഗുപ്ത, ജെ. മീന ദേവി, യാരുബ് അൽ ദൗരി (മലേഷ്യ), ജെ. തരിണി, എൻ. പൊങ്കാലി സത്യപ്രഭ, സസ ഹർകായി (സ്ലൊവേനിയ), ഭാരതി, സി.വി. യെൽമഗാഡ്, ടി.എസ്. ഭൂപതി, ബി. ശിവരഞ്ജിനി, അക്ഷയ് വ്യാസ്, രോഹിത് ആർ. കോസ്ഥി, ആർ. മങ്കൈയാർകരസി, ഷവി താക്കൂർ, എം.എൽ.എൻ. മധു മോഹൻ, പി. പ്രദ സാരഥി, മഞ്ജു ശ്രീവാസ്തവ, പി.ആർ. നെയ്യത്താൾ, സമോ ക്രാൽജ് (സ്ലൊവേനിയ), വി. മഞ്ജുദേവി, ആർ.കെ.എൻ.ആർ. മാനപ്പിള്ളി, എസ്.കെ.ഘോഷ്, ശ്വേത മിശ്ര,

എ.കെ. ജോർജ്, പി. ഷബീബ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു. പോസ്റ്റർ പ്രദർശനവും നടന്നു.

സമ്മേളനം ഇന്ന് (ഡിസംബർ 15) അവസാനിക്കും. ലിക്വിഡ് ക്രിസ്റ്റൽ പോളിമേഴ്സ്, ജെൽസ്, ഇലാസ്റ്റോമേർസ്, ഫോട്ടോണിക്സ്, ഒപ്റ്റിക്കൽ ഫിലിംസ് സുപ്രാമോളിക്യൂൾസ് എന്നീ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും. രാജ്യാന്തരതലത്തിലും ദേശീയതലത്തിലും പ്രശസ്തരായ നൂറോളം ശാസ്ത്രജ്ഞരും ഗവേഷക വിദ്യാർഥികളും കോൺഫറൻസിൽ പങ്കെടുക്കുന്നു.

## ഫോട്ടോ ക്യാപ്ഷൻ

**സ്കൂൾ ഓഫ് കെമിക്കൽ സയൻസസും ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോ ടെക്നോളജിയും സ്ലോവേനിയയിലെ യൂണിവേഴ്സിറ്റി ഓഫ് മാരിബോറും തമിഴ്നാട്ടിലെ ബന്നാരി അമ്മൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും ഭാരത് യൂണിവേഴ്സിറ്റിയും സംയുക്തമായാണ് ത്രിദിന രാജ്യാന്തര കോൺഫറൻസ് മാരിബോർ സർവകലാശാലയിലെ അധ്യാപകനും ശാസ്ത്രജ്ഞനുമായ പ്രൊഫ. സമോ ക്രാൽജ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/2223/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ